# പതിനാലാം കേരള നിയമസഭ
## പതിമൂന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 2947

07/12/2018-ലെ മറുപടി

## വാട്ടർ അതോറിറ്റി പെൻഷൻകാർക്കുള്ള ആനുകൂല്യങ്ങൾ

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ. കെ.എസ്.ശബരീനാഥൻ | കെ. കൃഷ്ണൻകുട്ടി<br>(ജലവിഭവ വകുപ്പുമന്ത്രി) |
| (എ) കേരള വാട്ടർ അതോറിറ്റിയിൽ നിന്ന് 01/07/2014-നുമുമ്പ് പെൻഷനായവർക്ക് പെൻഷൻ പരിഷ്കരണ ഉത്തരവ് അടിസ്ഥാനമാക്കിയുള്ള പെൻഷൻ കടിശ്ശികയും, 01/07/2014-നു ശേഷം പെൻഷനായവരുടെ ഗ്രാറ്റുവിറ്റിയും ലീവ് സറണ്ടർ ആനുകൂല്യങ്ങളും അടിയന്തരമായി കൊടുത്തുതീർക്കാൻ ആവശ്യമായ നടപടികൾ സ്വീകരിക്കുമോ; | (എ) കേരള വാട്ടർ അതോറിറ്റിയിൽ നിന്നും 01/7/2014-ന് മുമ്പ് പെൻഷനായതും അപേക്ഷ നൽകിയതും അർഹതയുള്ളവരുമായ 6346 പേർക്ക് പെൻഷൻ കടിശ്ശികയുടെ ആദ്യ ഗഡു വിതരണം ചെയ്തിട്ടുണ്ട്. കേരള വാട്ടർ അതോറിറ്റിയിൽ കടുത്ത സാമ്പത്തിക പ്രതിസന്ധി നിലനിൽക്കുന്നതിനാൽ, ഫണ്ടിന്റെ ലഭ്യതയനുസരിച്ച് 01/7/2014-ന് ശേഷം പെൻഷനായവരുടെ ഗ്രാറ്റുവിറ്റിയും ലീവ് സറണ്ടർ ആനുകൂല്യങ്ങളും കൊടുത്തുതീർക്കാൻ ആവശ്യമായ നടപടികൾ കേരള വാട്ടർ അതോറിറ്റി സ്വീകരിച്ചുവരുന്നു. എന്നാൽ പുതുക്കിയ നിരക്കിലുള്ള പെൻഷൻ തുക അപേക്ഷ നൽകിയ എല്ലാ പെൻഷൻകാർക്കും നിലവിൽ നൽകി വരുന്നു. |
| (ബി) കേരള സ്റ്റേറ്റ് സർവ്വീസ് പെൻഷൻകാർക്ക് നടപ്പിലാക്കുന്ന ഹെൽത്ത് ഇൻഷ്വറൻസ് സ്കീം, വാട്ടർ അതോറിറ്റി പെൻഷൻകാർക്കും നടപ്പിലാക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ എന്ന് അറിയിക്കാമോ? | (ബി) പരിശോധിച്ചുവരുന്നു. |

Renuka Sankar
സെക്ഷൻ ഓഫീസർ

JSK/